**കെ. വി. മോഹൻകുമാർ ഐ. എ. എസ്.**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ &**
**പരീക്ഷാ കമ്മീഷണർ**

**ജഗതി, തിരുവനന്തപുരം**
**കേരളം, പിൻ-695 014**

ഫോൺ
ഓഫീസ് : 0471-2325106
0471-2324601
എക്സ്റ്റൻഷൻ : 0471-2580522
ഫാക്സ് : 0471-2324605

ഇ-മെയിൽ : dpisecretsection@gmail.com

**നം: എച്ച് (2)/444444/17/ഡി.പി.ഐ** **തീയതി : 19/07/2017**

സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസുകളിലെ എല്ലാ ജീവനക്കാർക്കും

പ്രിയപ്പെട്ടവരെ,

2017-18 വർഷത്തെ സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസമുൾപ്പെടെയുള്ള തസ്തിക നിർണയ പ്രവർത്തനങ്ങൾ ജൂലൈ 14 നു തന്നെ വിജയകരമായി ഫലപ്രാപ്തിയിലെത്തിക്കാൻ അക്ഷീണം യത്നിച്ച പൊതുവിദ്യാഭ്യാസ വകുപ്പിലെ എന്റെ എല്ലാ സഹപ്രവർത്തകരെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. കഴിഞ്ഞ ജൂൺ 20 മുതൽ നാം ഒരു മനസ്സോടെ പ്രവർത്തിച്ചതിന്റെ ഫലമാണീ തിളങ്ങുന്ന വിജയം. കൃത്യമായ ആസൂത്രണം, കാര്യക്ഷമമായ മോണിറ്ററിംഗ്, അർപ്പണബോധത്തോടെയുള്ള പ്രവർത്തനം എന്നിവയുണ്ടെങ്കിൽ എത്ര വലിയ ലക്ഷ്യവും നിർദിഷ്ട സമയത്തിനുള്ളിൽതന്നെ നമുക്ക് പ്രാപ്തമാകുമെന്നതിന്റെ ഉദാഹരണം കൂടിയാണിത്. ഈ പാതയിലൂടെ തന്നെ നമ്മൾ ഇനിയും സഞ്ചരിച്ചാൽ നമ്മുടെ വകുപ്പിലെ അവശേഷിക്കുന്ന ചുവപ്പുനാടകളും ഇല്ലാതെയാകും. അങ്ങനെയായാൽ വിദ്യാഭ്യാസ വകുപ്പിന്റെ മുഖഛായ തന്നെ മാറും എന്ന കാര്യത്തിൽ സംശയമില്ല. ഈ വർഷത്തെ തസ്തിക നിർണയത്തിൽ കാണിച്ച വേറിട്ട പ്രവർത്തനശൈലി മാതൃകയാക്കി വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസുകളുടെയും പ്രവർത്തനം കുറ്റമറ്റതാക്കാൻ മുഴുവൻ ജീവനക്കാരും കർമോൽസുകരാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തസ്തികനിർണയ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ നേരവകാശികൾ നിങ്ങളോരോരുത്തരും തന്നെയാണ്. ഈ വിജയത്തിന് തിളക്കമാർന്ന തുടർച്ചകൾ ഉണ്ടാകട്ടെ എന്ന ആശംസയോടെ,

**കെ.വി മോഹൻകുമാർ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ